'വോട്ടവകാശം ഭരണഘടനയുടെ അവിഭാജ്യ ഘടകം'; ജസ്റ്റിസ് ഭുയാന് പിന്തുണയുമായി പ്രതിപക്ഷം


ന്യൂഡൽഹി: വോട്ടവകാശവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് ഉജ്ജൽ ഭുയാൻ നടത്തിയ പരാമർശത്തിന് പിന്തുണയുമായി പ്രതിപക്ഷ നേതാക്കൾ. കോൺഗ്രസ് നേതാവ് ജയറാം രമേശും തൃണമൂൽ കോൺഗ്രസ് എംപി മഹുവ മൊയ്ത്രയുമാണ് ജഡ്ജിക്ക് പരസ്യ പിന്തുണ പ്രഖ്യാപിച്ചത്. ഹൈദരാബാദിലെ നാൽസാർ നിയമ സർവകലാശാലയിൽ നടന്ന പരിപാടിയിൽ സംസാരിക്കവെ, വോട്ടവകാശം ഭരണഘടനയുടെ അടിസ്ഥാന ഘടനയുടെ ഭാഗമാണെന്നും പൗരന്മാരെ വോട്ടവകാശത്തിൽ നിന്ന് മാറ്റിനിർത്തുന്നത് ഭരണഘടനയുടെ അന്തസത്തക്ക് എതിരാണെന്നും ജസ്റ്റിസ് ഭുയാൻ പറഞ്ഞിരുന്നു. ഈ പ്രസംഗത്തിന്റെ വിഡിയോ പങ്കുവെച്ചുകൊണ്ടാണ് ജയറാം രമേശ് രംഗത്തെത്തിയത്. മുഖ്യ തെരഞ്ഞെടുപ്പ് കമീഷണർ ഗ്യാനേഷ് കുമാറിനെതിരെ രൂക്ഷ വിമർശനമാണ് ജയറാം രമേശ് ഉന്നയിച്ചത്. 'ജസ്റ്റിസ് ഭുയാൻ സിഇസിയെ പൂർണമായും തുറന്നുകാട്ടി' എന്ന് ജയറാം രമേശ് എക്സിൽ കുറിച്ചു.


സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004



സ്വതന്ത്രമണ്ഡപം

പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com



www.swathanthramandapam.com | വാള്യം: 62 | ലക്കം: 175 | 2026 ഒക്ടോബർ 05 തിങ്കൾ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in


## നേതാക്കളുടെ സാന്നിധ്യത്തിൽ പരാതി വായിച്ചുകേൾപ്പിച്ചു; സുരേഷ് ബാബു തെറിച്ചു; 'ഓപ്പറേഷൻ പിണറായി'



തിരു: സിപിഎം വിശാല ജില്ലാ കമ്മിറ്റി യോഗത്തിൽ പാലക്കാട് ജില്ലാ സെക്രട്ടറി സ്ഥാനത്തു നിന്ന് ഇ.എൻ സുരേഷ് ബാബു തെറിച്ചത് പിണറായി വിജയന്റെ ഇടപെടലിനെത്തുടർന്ന്. തെളിവ് സഹിതം യുവതി സിപിഎം ജനറൽ സെക്രട്ടറി എം.എ ബേബിക്കും സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദനും പരാതി നൽകി. തുടർന്ന് പിണറായി വിജയൻ ഇ.എൻ സുരേഷ് ബാബുവിനെ മലപ്പുറത്തേക്ക് വിളിപ്പിച്ചു. നേതാക്കളുടെ സാന്നിധ്യത്തിൽ പരാതി വായിച്ചുകേൾപ്പിച്ചു. ജില്ലാ സെക്രട്ടറി സ്ഥാനത്തുനിന്ന് പുറത്തുപോകാനും ആവശ്യപ്പെട്ടു എന്നാൽ പരാതി വിശാല ജില്ലാകമ്മിറ്റിയിൽ പരാമർശിച്ചില്ല. സ്വയം ഒഴിയുന്നെന്ന് സുരേഷ് ബാബു അറിയിക്കുകയായിരുന്നു.

ജില്ലാ സെക്രട്ടറി സ്ഥാനത്ത് നീക്കിയതിൽ നടപടി ഒതുങ്ങില്ല. കടുത്ത നടപടി വന്നേക്കുമെന്നാണ് സൂചന. പരാതി സംസ്ഥാന സെക്രട്ടേറിയറ്റ് പരിഗണിക്കും. സുരേഷ് ബാബുവിനെ പാർട്ടി അംഗത്വത്തിൽ നിന്ന് പുറത്താക്കിയേക്കും. വിശാല ജില്ലാ കമ്മിറ്റി യോഗങ്ങൾക്കുശേഷമാകും ഇക്കാര്യം പരിഗണിക്കുക.

**ഗുരുതരമായ കണ്ടെത്തലുകൾ**

സിപിഎം വിശാല ജില്ലാ കമ്മിറ്റി യോഗത്തിൽ പാലക്കാട് ജില്ലാ സെക്രട്ടറി സ്ഥാനത്തു നിന്ന് നീക്കം ചെയ്യപ്പെട്ട ഇ.എൻ.സുരേഷ് ബാബുവിനെതിരെ ഗുരുതരമായ കണ്ടെത്തലുകൾ. ജില്ലാസെക്രട്ടറിയായിരിക്കെ ജില്ലാ കമ്മിറ്റി ഓഫിസിൽ വച്ച് സംഘടന സമ്മേളനത്തിനെത്തിയ അഭിഭാഷയോടു മോശമായി പെരുമാറി. ഒരുവർഷമായി ഫോണിലും ശല്യപ്പെടുത്തിയതായി പരാതിയിൽ പറയുന്നു.

അതേസമയം, ഇ.എൻ സുരേഷ് ബാബുവിനെതിരെ പൊലീസിൽ പരാതി നൽകില്ലെന്ന് അഭിഭാഷക വ്യക്തമാക്കി . സുരേഷ് ബാബുവിനെ പാർട്ടി പുറത്താക്കുമെന്ന് ഉറപ്പ് നൽകിയതിനാലാണ് യുവതി പരാതി നൽകാത്തതെന്ന് സൂചന. അതേസമയം, ഇ.എൻ. സുരേഷ് ബാബുവിനെതിരെ കടുത്ത നടപടി വന്നേക്കുമെന്നാണ് റിപ്പോർട്ടുകൾ. പാർട്ടി അംഗത്വത്തിൽ നിന്ന് പുറത്താക്കിയേക്കുമെന്ന് സൂചന. ഗുരുതര പെരുമാറ്റദൂഷ്യമാണ് സുരേഷ് ബാബുവിനെതിരെ പാർട്ടി അംഗമായ അഭിഭാഷക ഉന്നയിച്ചത്.

സുരേഷ് ബാബുവിനെ ജില്ലാ സെക്രട്ടറി സ്ഥാനത്ത് നിന്ന് മാറ്റിയത് എന്തിനെന്ന ചോദ്യത്തിന് എല്ലാത്തിനും കാരണമുണ്ടെന്നായിരുന്നു സിപിഎം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദന്റെ മറുപടി . കാരണമില്ലാതെയല്ല തീരുമാനം. പരാതിയുടെ അടിസ്ഥാനത്തിലല്ല മാറ്റമെന്നും സംസ്ഥാന സെക്രട്ടറി വ്യക്തമാക്കി. വ്യക്തിപരമായ കാരണങ്ങളാണ് സുരേഷ് ബാബിവിനെ നീക്കിയതിനു പിന്നിലെന്ന് ജില്ലാ സെക്രട്ടറി വി.ചെന്താമരാക്ഷൻ പ്രതികരിച്ചു. മാധ്യമങ്ങൾ പറയുന്നത്. പാർട്ടിയുടെ മുൻപിലില്ല. എൻ.എൻ കൃഷ്ണദാസ് പറഞ്ഞതിനെക്കുറിച്ച് അറിയില്ലെന്നും ചെന്താമരാക്ഷൻ കൂട്ടിച്ചേർത്തു.

**അസാധാരണ തിരുത്തൽ നടപടി**

പാർട്ടി അംഗമായ അഭിഭാഷകയോട് മോശമായി പെരുമാറി എന്ന പരാതിയെ തുടർന്നാണ് സംസ്ഥാന നേതൃത്വം ഇടപെട്ട് പൊടുന്നനെ ജില്ലാ സെക്രട്ടറിയെ മാറ്റിയത്. വിഭാഗീയത ആളിക്കത്തിച്ച സംഘടനാ വീഴ്ചകളിലും സുരേഷ് ബാബുവിന് എതിരെ രൂക്ഷ വിമർശനം ഉയർന്നു. മുൻ എംഎൽഎ വി.ചെന്താമരാക്ഷനാണ് പുതിയ ജില്ലാ സെക്രട്ടറി. ജില്ലാ സെക്രട്ടറിക്കെതിരെ നടപടി ഇല്ലെങ്കിൽ കാര്യങ്ങൾ പരസ്യമാക്കേണ്ടി വരുമെന്ന് അഭിഭാഷക സംസ്ഥാന നേതൃത്വത്തെ അറിയിച്ചു. ഇതിന് പിന്നാലെയാണ് സ്ഥാനമൊഴിയാൻ സുരേഷ് ബാബുവിനോട് നേതൃത്വം ആവശ്യപ്പെട്ടത്. എം.വി.ഗോവിന്ദന്റെ സാന്നിധ്യത്തിൽ ചേർന്ന വിശാല ജില്ലാ കമ്മിറ്റി ഇതിന് ഒരു വേദി ആയി എന്ന് മാത്രം. ഇതിനൊപ്പം വിഭാഗീയത ആളിക്കത്തിച്ച ജില്ലാ സെക്രട്ടറിയുടെ നിലപാടുകൾ മൂന്ന് മണ്ഡലങ്ങളിലെ തോൽവിക്ക് കാരണമായെന്ന കടുത്ത വിമർശനവും കമ്മിറ്റിയിൽ ഉയർന്നു. വ്യക്തിപരമായി മാറാൻ എടുത്ത തീരുമാനം പാർട്ടി അംഗീകരിച്ചു എന്നായിരുന്നു സുരേഷ് ബാബുവിൻറെ പ്രതികരണം. പരാതിയുടെ കാര്യം പുതിയ ജില്ലാ സെക്രട്ടറി വി.ചെന്താമരാക്ഷനും മിണ്ടിയില്ല.

മുൻ എംഎൽഎ കൂടിയായ കാവശേരിയിൽ നിന്നുള്ള നേതാവാണ് വി.ചെന്താമരാക്ഷൻ. പൊതു സ്വീകാര്യത കണക്കിലെടുത്താണ് മുതിർന്ന നേതാവിന് പുതിയ സ്ഥാനം നൽകിയത്. ധിക്കാരത്തിൻറെയും ഗുണ്ടായിസത്തിൻറെയും ഫലം കണ്ടുതുടങ്ങിയെന്നായിരുന്നു സുരേഷ് ബാബുവിനെ കടന്നാക്രമിച്ച് പാർട്ടിക്ക് പുറത്തുപോയ പി.കെ.ശശിയുടെ പ്രതികരണം.

### 'ഗുരുതര ക്രമക്കേട്, വൻ അഴിമതി'; ആസൂത്രണ ബോർഡ് നിയമന കേസിൽ

## പി.എസ്.സി.ക്കെതിരേ ആഞ്ഞടിച്ച് ഹൈക്കോടതി



കൊച്ചി: ആസൂത്രണ ബോർഡിലേക്ക് നടന്ന പരീക്ഷയുടെ മൂല്യനിർണയത്തിൽ നടന്ന ക്രമക്കേടിൽ പി.എസ്.സിക്കെതിരെ രൂക്ഷവിമർശനവുമായി ഹൈക്കോടതി. 58 ചോദ്യങ്ങൾ മൂല്യനിർണയം നടത്താത്തത് ഗുരുതരമാണ് ഇത് അഴിമതിയല്ലേയെന്നും കോടതി ചോദിച്ചു. അന്വേഷണം തടയണമെന്ന പി.എസ്.സിയുടെ ഹർജി പരിഗണിക്കവേയായിരുന്നു ഹൈക്കോടതിയുടെ വിമർശനം.

മൂല്യനിർണയത്തിലെ വീഴ്ച ക്ലറിക്കൽ പിഴവാണെന്നായിരുന്നു പി.എസ്.സിയുടെ വാദം. എന്നാൽ, ഇത് ആസൂത്രിതമായി നടത്തിയ കുറ്റകൃത്യമാണെന്ന് സർക്കാർ അഭിഭാഷകൻ മറുവാദം ഉന്നയിച്ചു. പരീക്ഷയിലെ ചോദ്യങ്ങൾ മൂല്യനിർണയം നടത്താതിരുന്നത് ക്ലറിക്കൽ പിഴവാണെന്ന് പറയാനാവില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു.

അന്വേഷണം തടയണമെന്ന വാദം ശരിയല്ല. പി.എസ്.സിയ്ക്ക് എതിരേ ഒന്നും അന്വേഷിക്കരുതെന്നാണോ നിലപാടെന്ന് കോടതി ചോദിച്ചു. പി.എസ്.സിയുടെ വിശ്വാസ്യത കാത്തുസൂക്ഷിക്കണം. യുവാക്കളുടെ പ്രതീക്ഷയാണ് പി.എസ്.സി. അതിനെ തകർക്കുന്ന നടപടികൾ അനുവദിക്കാനാകില്ല.

പിഎസ്സി ഉദ്യോഗസ്ഥർ നോട്ടീസ് നൽകിയിട്ടും ചോദ്യംചെയ്യലിന് ഹാജരാകാത്ത സാഹചര്യം സർക്കാർ അഭിഭാഷകൻ ചൂണ്ടിക്കാട്ടി. എന്തുകൊണ്ടാണ് അവർക്കെതിരേ കർശന നടപടികൾ സ്വീകരിക്കാത്തതെന്ന് കോടതി ചോദിച്ചു. പി.എസ്.സി. അന്വേഷണവുമായി സഹകരിക്കുകയല്ലേ വേണ്ടതെന്ന് കോടതി ചോദിച്ചു.

അന്വേഷണം തടയണമെന്ന പി.എസ്.സിയുടെ ഹർജി നിലനിൽക്കില്ല. ഗുരുതര ആരോപണമാണ് പി.എസ്.സി.ക്കെതിരേ ഉയർന്നിരിക്കുന്നതെന്നും കോടതി പറഞ്ഞു. വാദംകേൾക്കുന്നതിന് അടുത്ത വ്യാഴാഴ്ചത്തേക്ക് ഹർജി മാറ്റി. ആസൂത്രണ ബോർഡിലെ ഉയർന്ന തസ്തികയായ ചീഫ് നിയമനത്തിലാണ് ക്രമക്കേട് നടന്നതായുള്ള ആരോപണം ഉയർന്നത്. ഈ തസ്തികയിലേക്ക് 2022-ലായിരുന്നു വിജ്ഞാപനം പുറപ്പെടുവിച്ചത്. ഇൻഡസ്ട്രി ആൻഡ് ഇൻഫ്രാസ്ട്രക്ചർ വിഭാഗം, പേഴ്സ്പെക്ടീവ് പ്ലാനിങ് വിഭാഗം, പ്ലാനിങ് കോഡിനേഷൻ വിഭാഗം എന്നിവയിൽ ഓരോ ഒഴിവാണുണ്ടായിരുന്നത്. മൂന്നിനും രണ്ട് പേപ്പർ വീതമായിരുന്നു പരീക്ഷ. അതിൽ ആദ്യ പേപ്പർ മൂന്ന് വിഭാഗക്കാർക്കും പൊതുവായിരുന്നു. അതിലെ ഒൻപതുമുതൽ 18 വരെയുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ മൂല്യനിർണയം നടത്താതെ ബാക്കിയുള്ള ഉത്തരങ്ങളുടെ മാർക്കും അഭിമുഖത്തിന്റെ മാർക്കും ചേർത്ത് 2025 മേയിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു.

ഇരുനൂറിലേറെപ്പേർ പരീക്ഷയെഴുതി. ഇൻഡസ്ട്രി ആൻഡ് ഇൻഫ്രാസ്ട്രക്ചർ, പ്ലാനിങ് കോഡിനേഷൻ വിഭാഗങ്ങളിൽ ഒന്നാം റാങ്കുകാർക്ക് നിയമനശുപാർശ അയച്ച് 2025 ജൂണിൽ നിയമനവും നൽകി. ഒന്നേകാൽ ലക്ഷത്തിലേറെ രൂപ ശമ്പളംലഭിക്കുന്ന തസ്തികകളിൽ നിയമനം നേടിയവർ ഇടതുപക്ഷ സംഘടനാപ്രവർത്തകരാണെന്നാണ് ആരോപണം.

### 'അമിത് ഷാ എത്ര പേരെ അറസ്റ്റ് ചെയ്യും? രാജ്യം മുഴുവൻ എത്തുകയാണ്, യുവതലമുറ ഉണർന്നുകഴിഞ്ഞു': സിജെപി



ന്യൂഡൽഹി: മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ രാജിക്കായി ഡൽഹിയിലെ ജന്തർ മന്ദറിൽ ഒക്ടോബർ പത്തിന് വൻ പ്രതിഷേധത്തിന് സിജെപി (കോക്രോച്ച് ജനതാ പാർട്ടി) തയ്യാറെടുക്കുകയാണ്. എന്നാൽ അതിന് മുന്നോടിയായി സിജെപി സ്ഥാപകൻ അഭിജീത് ദിപ്കെയും മറ്റുനേതാക്കളെയും അറസ്റ്റ് ചെയ്യാനുള്ള നീക്കം സർക്കാർ നടത്തുന്നതായി കൂട്ടായ്മയുടെ വക്താവ് സൗരവ് ദാസ് ആരോപിച്ചു.

വോട്ടർപട്ടികയുടെ പ്രത്യേക തീവ്ര പുനഃപരിശോധ (എസ്ഐആർ) നടപടിയുമായി ബന്ധപ്പെട്ട് ചീഫ് ഇലക്ഷൻ കമ്മിഷണർ ഗ്യാനേഷ് കുമാർ രാജിവയ്ക്കണമെന്നാവശ്യപ്പെട്ടാണ് സിജെപി പ്രതിഷേധം സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇന്നലെ രാത്രി സമൂഹമാദ്ധ്യമങ്ങളിലൂടെയാണ് സൗരവ് സർക്കാരിനെതിരെ രംഗത്തെത്തിയത്. സ്വേച്ഛാധിപത്യ നടപടികളിലൂടെ പ്രതിഷേധത്തെ അടിച്ചമർത്താമെന്ന് സർക്കാർ കരുതുന്നുണ്ടെങ്കിൽ അത് വലിയ തെറ്റായിരിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്.

'എന്നെയും അഭിജിത്തിനെയും അശുതോഷിനെയും രത്നയെയും മറ്റ് സിജെപി നേതാക്കളെയും അറസ്റ്റ് ചെയ്യാനാണ് സർക്കാർ പദ്ധതിയിടുന്നത്. ഇത്തരം സ്വേച്ഛാധിപത്യ നടപടികൾ കൊണ്ട് പ്രതിഷേധം തടയാമെന്ന് സർക്കാർ കരുതുന്നുണ്ടെങ്കിൽ അവർക്ക് തെറ്റി. യുവതലമുറ ഉണർന്നുകഴിഞ്ഞു. ഞങ്ങൾ ഉണ്ടെങ്കിലും ഇല്ലെങ്കിലും അവകാശങ്ങൾക്കും ഭാവിക്കും വേണ്ടി പോരാട്ടം തുടരണമെന്ന് എല്ലാവരോടും അഭ്യർഥിക്കുന്നു,'- സൗരവ് ദാസ് പറഞ്ഞു.

ജയിൽവാസമോ അതിലും ഗുരുതരമായ നടപടികളോ നേരിടാൻ തങ്ങൾ എപ്പോഴും തയ്യാറാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എന്നാൽ രാജ്യത്തെ യുവാക്കൾ പ്രതിഷേധം തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി. ഒക്ടോ. 10 മുതൽ രാജ്യത്തെ ഏറ്റവും വലിയ ജനകീയ മുന്നേറ്റത്തിന് ഇന്ത്യയിലെ ജനങ്ങൾ തയ്യാറാകണമെന്നും സൗരവ് ദാസ് ആഹ്വാനം ചെയ്തു. സൗരവ് ദാസിന്റെ ആരോപണത്തിന് പിന്നാലെ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായെ വിമർശിച്ച് അഭിജീത് ദീപ്കെയും രംഗത്തെത്തി. 'എത്ര പേരെ അറസ്റ്റ് ചെയ്യും, അമിത് ഷാ? ഒക്ടോബർ 10ന് രാജ്യം മുഴുവൻ എത്തുകയാണ്,' - അഭിജീത് സമൂഹമാദ്ധ്യമത്തിലൂടെ പ്രതികരിച്ചു.

ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ടുള്ള പ്രതിഷേധം ഡൽഹിയിലെ ജന്തർ മന്ദറിലും പരിസരത്തും ശക്തമായി തുടരുകയാണ്. എഐഎസ്എ, എസ്എഫ്ഐ, ഡിവൈഎഫ്ഐ, യൂത്ത് കോൺഗ്രസ്, എഎപി തുടങ്ങിയ സംഘടനകളാണ് പ്രതിഷേധവുമായി രംഗത്തുള്ളത്.ഒക്ടോബർ രണ്ടുമുതൽ ഡൽഹി പൊലീസ് ജന്തർ മന്ദറിലേക്കുള്ള പ്രതിഷേധ മാർച്ചുകൾ തടയുകയും നൂറുകണക്കിന് പേരെ കസ്റ്റഡിയിലെടുക്കുകയും ചെയ്തിട്ടുണ്ട്.

ഇന്നലെ നടന്ന പ്രതിഷേധത്തിൽ ഐസയുടെ ദേശീയ പ്രസിഡന്റ് നേഹ ബോറയെ പൊലീസ് കസ്റ്റഡിയിലെടുത്തിരുന്നു.ആംആദ്മി പാർട്ടി നേതാവും മുൻ ഡൽഹി മുഖ്യമന്ത്രിയുമായിരുന്ന ആതിഷി, എഎപി ഡൽഹി അദ്ധ്യക്ഷൻ സൗരഭ് ഭരദ്വാജ്, യോഗേന്ദ്ര യാദവ്, പ്രശാന്ത് ഭൂഷൺ എന്നിവരെയും പ്രതിഷേധത്തിനിടെ പൊലീസ് കസ്റ്റഡിയിൽ എടുത്തിരുന്നു.

### പഞ്ചാബിൽ ടൂറിസ്റ്റ്ബസ് മറിഞ്ഞ് അപകടം; മലയാളി വിദ്യാർത്ഥിനിക്ക് ദാരുണാന്ത്യം



ലുധിയാന: പഞ്ചാബിൽ ടൂറിസ്റ്റ് ബസ് മറിഞ്ഞ് മലയാളി വിദ്യാർത്ഥിനിക്ക് ദാരുണാന്ത്യം. കോട്ടയം കടുത്തുരുത്തി സ്വദേശിനി ജോസ്ന ജോർജാണ് മരിച്ചത്. പഞ്ചാബ് ലവ്ലി സർവകലാശാലയിലെ രണ്ടാംവർഷ എംബിഎ വിദ്യാർത്ഥിനിയായിരുന്നു. പഞ്ചാബ് ലുധിയാനയ്ക്കടുത്ത് വിനോദയാത്രയ്ക്ക് പോയ ബസ് അപകടത്തിൽപ്പെടുകയായിരുന്നു. ഡ്രൈവർ ഉറങ്ങിപ്പോയതാണ് അപകടകാരണമെന്നാണ് പ്രാഥമിക നിഗമനം.

ബസ് നിയന്ത്രണം വിട്ട് മറിയുന്നതിനിടെ സൈഡ് സീറ്റിലിരുന്ന ജോസ്ന റോഡിലേക്ക് തെറിച്ചു വീഴുകയായിരുന്നു. പിന്നാലെ ബസ് ജോസ്നയുടെ ശരീരത്തിലേക്ക് മറിഞ്ഞു. ക്രെയിൻ ഉപയോഗിച്ച് ബസ് ഉയർത്തിയാണ് അടിയിൽ കുടുങ്ങിയ ജോസ്നയുടെ മൃതദേഹം പുറത്തെടുത്തു. അപകടത്തിൽ ബസിലുണ്ടായിരുന്ന മറ്റ് ചില മലയാളി വിദ്യാർത്ഥികൾക്കും പരിക്കേറ്റിട്ടുണ്ട്.

### സംസ്ഥാനത്ത് ഇന്നും നാളെയും മഴയ്ക്ക് സാധ്യത

തൃശ്ശൂർ: സംസ്ഥാനത്ത് ഇന്നും നാളെയും വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. ഇന്ന് ആറ് ജില്ലകളിൽ യെല്ലോ അലേർട്ട് പ്രഖ്യാപിച്ചു. പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് യെല്ലോ അലേർട്ട്. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ നാളെ യെല്ലോ അലേർട്ടാണ്

### 'കുറ്റംചെയ്താൽ നടപടിയുണ്ടാകും'; ഇ.എൻ.സുരേഷ് ബാബുവിനെ മാറ്റിയത് പാർട്ടി നടപടിതന്നെ: വി. ശിവൻകുട്ടി



കോഴിക്കോട്: പാലക്കാട് ജില്ലാ സെക്രട്ടറി ഇ.എൻ. സുരേഷ് ബാബുവിനെ നീക്കിയത് പാർട്ടി നടപടിയുടെ ഭാഗമായിത്തന്നെയെന്ന് സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം വി. ശിവൻകുട്ടി. സാധാരണ പാർട്ടി നടപടി വരുമ്പോൾ പല ആരോപണങ്ങളും വരും. പാർട്ടി മെറിറ്റിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞദിവസം തീരുമാനം എടുത്തതെന്നും വി. ശിവൻകുട്ടി പറഞ്ഞു.

സീറ്റിന്റെ എണ്ണം നോക്കിയല്ല പാർട്ടി നടപടിയെടുക്കുന്നത്. പാർട്ടി നടപടിയുണ്ടാകുന്നത് കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ കുറ്റത്തിന്റെ അടിസ്ഥാനത്തിലാണ്. അതിന്റെ മെറിറ്റും ഡീമെറിറ്റും അടിസ്ഥാനമാക്കിയാണെന്നും ശിവൻകുട്ടി ചൂണ്ടിക്കാട്ടി. സിപിഎമ്മിലെ ജില്ലാ സെക്രട്ടറിയെ പോലുള്ളയാളെ ഒഴിവാക്കുമ്പോൾ അതിൽ എന്തെങ്കിലും നടപടിയുണ്ടാകുമെന്നും ശിവൻകുട്ടി പറഞ്ഞു.

### തൊഴിലുറപ്പ് തൊഴിലാളികൾക്കു നേരേ കാട്ടാന ആക്രമണം; വയോധിക കൊല്ലപ്പെട്ടു



പത്തനാപുരം: തൊഴിലുറപ്പ് ജോലിക്ക് പോകുകയായിരുന്ന തൊഴിലാളികൾക്ക് നേരേ ഉണ്ടായ കാട്ടാന ആക്രമണത്തിൽ വയോധിക കൊല്ലപ്പെട്ടു. പത്തനാപുരം പുന്നല കടശ്ശേരി സ്വദേശി രാജമ്മ (81) ആണ് ദാരുണമായി മരിച്ചത്.

കടശ്ശേരി ഉമ്മന്നൂരിൽ ഇന്ന് രാവിലെ പത്തുമണിയോടെയായിരുന്നു സംഭവം. വനപാതയിലൂടെ ജോലിസ്ഥലത്തേക്ക് നടന്നുപോകുന്നതിനിടെ കാട്ടാന ആക്രമിക്കുകയായിരുന്നു. മറ്റുള്ളവർ ഓടി രക്ഷപ്പെട്ടെങ്കിലും പ്രായാധിക്യം കാരണം രാജമ്മയ്ക്ക് ഓടിമാറാനായില്ല. കാട്ടാന തുമ്പിക്കൈ കൊണ്ട് അടിച്ച് വീഴ്ത്തുകയായിരുന്നു. പുനലൂർ താലൂക്കാശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരിച്ചു.


**കോടതിപരസ്യം**

**ബഹു. കുടുംബ കോടതി തൃശ്ശൂർ മുമ്പാകെ**

M.C. 77/2026

പ്രിൻസി.കെ.എഫ്. മുതൽ പേര്

-ഹരജിക്കാർ

ഷോജൻ., S/o. സൈമൺ വി.വി., വാഴപ്പിള്ളി ഹൗസ്, പേരകം ദേശം, ഗുരുവായൂർ വില്ലേജ്, തൃശ്ശൂർ ജില്ല

-എതൃകക്ഷി

**പത്രപരസ്യം**

ഹരജിക്കാർക്ക് ചിലവിന് തരാൻ എതൃകക്ഷിയോട് കല്പിച്ച ഉത്തരവ് ഉണ്ടാകുന്നതിനാണ് മേൽനമ്പ്ര് ഹരജി ബോധിപ്പിച്ചിട്ടുള്ളത്. എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കല്പിച്ച് കേസ് 19-10-2026 തിയതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം രാവിലെ 11 മണിക്ക് എതൃകക്ഷിയോ ക്രമപ്രകാരം ചുമതലപ്പെടുത്തിയ അഭിഭാഷകനോ കോടതിയിൽ ഹാജരായി കേസ് കാര്യത്തിൽ ആക്ഷേപം ബോധിപ്പിക്കാത്ത പക്ഷം നിങ്ങളുടെ ഭാഗം കേൾക്കാതെ കേസ് തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 05-10-2026

ഹരജിഭാഗം അഡ്വക്കെറ്റ് ;

**സജി ജോസഫ്** (ഒപ്പ്)


### നിര്യാതനായി

**സുബ്രഹ്മണ്യൻ**



ഇരിങ്ങാലക്കുട : പൊറത്തിശ്ശേരി കല്ലട ക്ഷേത്രത്തിനടുത്ത് ഇല്ലിക്കൽ ശങ്കുണ്ണി മകൻ സുബ്രഹ്മണ്യൻ (83) നിര്യാതനായി.ഇരിങ്ങാലക്കുട ചെറുതൃക്ക് ക്ഷേത്രത്തിന് തെക്ക് ദീർഘകാലം ഡയറി ഫാം നടത്തിയിരുന്നു. സുഭദ്രയാണ് ഭാര്യ. ബീന, ബാബു, ബിജു, ബിന്ദു എന്നിവർ മക്കളും കരുണാകരൻ, ഷീജ, ഷീജു, അനിലൻ എന്നിവർ മരുമക്കളുമാണ്. സംസ്കാരം ഇന്ന് വൈകീട്ട് 3മണിക്ക് മുക്തിസ്ഥാനിൽ

### വീണ്ടും പുലിയിറങ്ങി പശുവിനെ കൊന്നു

ആമ്പല്ലൂർ: പാലപ്പിള്ളിയിൽ വീണ്ടും പുലിയിറങ്ങി പശുവിനെ കൊന്നു.

ഹാരിസൺ എസ്റ്റേറ്റ് മാനേജരുടെ ബംഗ്ലാവിന് സമീപമാണ് പുലിയിറങ്ങിയത്. രണ്ട് ദിവസം മുമ്പും ഇവിടെ പുലിയിറങ്ങി നാശനഷ്ടങ്ങളുണ്ടാക്കിയിരുന്നു.

## ഇരിങ്ങാലക്കുട കോടതി സമുച്ചയത്തിൽ കോടതികൾ പ്രവർത്തനമാരംഭിച്ചു



ഇരിങ്ങാലക്കുട: കേരളത്തിലെ രണ്ടാമത്തെ ഏറ്റവും വലിയകോടതി സമുച്ചയമായ ഇരിങ്ങാലക്കുട കോർട്ട് കോംപ്ലക്സിലെ പുതിയ ബഹുനില കെട്ടിടത്തിൽ ഇരി ങ്ങാലക്കുടയിലെ കോടതികൾ ഇന്ന് മുതൽ പ്രവർത്തനമാരംഭിച്ചു. അഡീഷ്ണൽ ജില്ലാ ജഡ്ജി റെനോ ഫ്രാൻസിസ് സേവിയർ ടി ആണ് പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചത്.

ഗ്രൗണ്ട് ഫ്ളോറിൽ ഇ സേവാ കേന്ദ്രം ഡി എൽ എസ് എ, അഡീഷ്ണൽ ജില്ലാ & സെഷൻസ് കോടതി & എം എ സി ടി, ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി എന്നിവയും ഒന്നാം നിലയിൽ പ്രിൻസിപ്പൽ സബ് കോടതി & അഡീഷ്ണൽ സബ് കോടതി. രണ്ടാം നിലയിൽ കുടുംബ കോടതി. മൂന്നാം നിലയിൽ പ്രിൻസിപ്പൽ മുൻസിഫ് കോടതി ആന്റ് അഡീഷ് ണൽ മുൻസിഫ് കോടതി. നാലാം നിലയിൽ പോസ് കോ കോടതി & മീഡിയേഷൻ സെന്റർ എന്നിവയാണ് പ്രവർത്തിക്കുന്നത്. ന്യായാധിപന്മാരും അഭിഭാഷകരും കോടതി ജീവനക്കാരും വക്കീൽ ക്ലർക്കുമാരും ഏറെ സന്തോഷത്തോടെയാണ് പരിപാടിയിൽ പങ്കെടുത്തത്.


**EC NIDHI LIMITED**

A.M. Paraman Memorial Complex,
Bldg. No. New : TC 38/2774/24 Old No.FF-20/403/24.
1st Floor, Corporation Bldg.,Kalvery Road,
West Fort Junction,Thrissur - 680 004, Kerala
Mob : 7012 322 633, 9037 709 032. Email : ecnidhiltd@gmail.com
CIN: U65929KL2016PLC047059

**സ്വർണ്ണപണയ ലേല വിൽപ്പന നോട്ടീസ്**

സ്ഥാപനത്തിന്റെ തൃശൂർ ശാഖയിൽ പണയം വെച്ചിട്ടുള്ളതും കാലാവധി കഴിഞ്ഞതിനാൽ നോട്ടീസ് അയച്ചു സ്വീകരിച്ച കക്ഷികളുടെ താഴെ പറയുന്ന അക്കൗണ്ട് നമ്പറിൽ ഉള്ള സ്വർണ ഉരുപിടികൾ **2026 ഒക്ടോബർ 19ന് ഉച്ചതിരിഞ്ഞ് 4 മണിക്ക്** സ്ഥാപനത്തിൽ വെച്ച് പരസ്യമായി ലേലവില്പന നടത്തുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഉരുപിടികളുടെ വിശദംശങ്ങളും ലേലവ്യവസ്ഥകളും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് ആകുന്നു. ലേലവിൽപന സ്ഥാപനത്തിന്റെ അന്തിമ തീരുമാനത്തിന് വിധേയമാണ്. ഏതെങ്കിലും കാരണവശാൽ ലേലം നീട്ടി വയ്ക്കാനും നിർത്തി വയ്ക്കാനും സ്ഥാപനത്തിന് പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

Wights mentioned in grams

| SL NO | NAME AND ADDRESS OF CUSTOMER | LOAN DATES LOAN NUMBER | WEIGHT OF ORNEMENTS |
|---|---|---|---|
| 1 | SREEDEVI C R, KUNNUPARAMBIL HOUSE KURICHIKARA P.O MATTAMPURAM, THRISSUR-680028 | 22-05-2026 AKGLGL-21 | 16gm |
| 2 | SREEDEVI C R, KUNNUPARAMBIL HOUSE KURICHIKARA P.O MATTAMPURAM, THRISSUR-680028 | 22-05-2026 AKGLGL-22 | 40.26gm |
| 3 | JOHN JACOB, CHEENAPILLY HOUSE,PLOT NO 182 GATE NO 3 HILL GARDEN KUTTANELLUR P.O THRISSUR-680014 | 19-06-2026 AKGLGL-40 | 61.59gm |
| 4 | OMER SHERIF T S, THAIPARAMBILHOUSE, P.OVADOOKARATHRISSUR- 680007 | 11-08-2026 AKGLGL-47 | 56gm |
| 5 | SHINY C M, THAIPARAMBIL HOUSE, P.O. VADOOKARA THRISSUR- 680007 | 11-08-2026 AKGLGL-48 | 57.87gm |
| 6 | KRISHNAKUMAR C, CHENGATH HOUSE, NEAR KARTHIYANI TEMPLE, AYYANTHOLE THRISSUR-680003 | 14-05-2026 AKGLGL-03 | 59.78gm |

തൃശൂർ
05-10-2026

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ
**E C NIDHI LIMITED**

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4



# ആവശ്യങ്ങളുടെ പ്രളയവുമായി ജനപ്രതിനിധികൾ ചാവക്കാട് താലൂക്ക് വികസന സമിതി സംഭവബഹുലം

**വർഷങ്ങളായി പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം, അതിരൂക്ഷമായ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം, കൊച്ചി – തിരൂർ തീരദേശറെയിൽ:**

ചാവക്കാട് :ചാവക്കാട് മുനിസിപ്പൽ ചെയർപേഴ്സൺ എ.എച്ച്. അക്ബറിന്റെ അദ്ധ്യക്ഷതയിൽ താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേർന്ന താലൂക്ക് വികസന സമിതി യോഗത്തിൽ വിവിധ ആവശ്യങ്ങളുമായി രാഷ്ട്രീയകക്ഷി ത്രിതല പഞ്ചായത്ത് അധികാരികളും രാഷ്ട്രീയ കക്ഷി പ്രതിനിധികളും. ഡെപ്യൂട്ടി തഹസീൽദാർ ഫൈസൽ പി.വി.യുടെ സ്വാഗത പ്രസംഗത്തോടെ തുടങ്ങിയ യോഗത്തിൽ കൺവീനർ കൂടിയായ തഹസീൽദാർ ബാബു കെ.ടി, മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസി: ക്ലമെന്റ് ഫ്രാൻസിസ്, വെങ്കിടങ്ങ് ഗ്രാമ പഞ്ചായത്ത് പ്രസി: ഗ്രേസി ജേക്കബ്, ഒരുമനയൂർ പഞ്ചായത്ത് പ്രസി: താഹിർ പി.എം, വലപ്പാട് പഞ്ചായത്ത് പ്രസി: പി.ബി. മോഹനൻ, കോൺഗ്രസ്സ് പ്രതിനിധി കെ.എഛ്.ഷാഹുൽ ഹമീദ്, മുസ്ലിം ലീഗ് പ്രതിനിധി മുഹമ്മദുണ്ണി,സി.പി.ഐ

പ്രതിനിധി പി.കെ. രാജേശ്വരൻ, കേരള കോൺഗ്രസ് പ്രതിനിധി തോമസ് ചിറമ്മൽ, ബി. ജെ.പി. പ്രതിനിധി കെ. ആർ. ബിജു, കേരള കോൺഗ്രസ് (ജെ) പ്രതിനിധി അജിതൻ മച്ചിങ്ങൽ, ആർ.ജെ.ഡി. പ്രതിനിധി എം.ജി ജയരാജൻ തുടങ്ങിയവരും വകുപ്പുതല ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു. സെപ്റ്റംബർ മാസം ചേർന്ന വികസന സമിതി യോഗത്തിൽ ലഭിച്ച പരാതികളിൽ സ്വീകരിച്ച നടപടികൾ കൺവീനർ യോഗത്തിൽ അവതരിപ്പിച്ചു.

ചാവക്കാട് ടൗണിലും പരിസര റോഡുകളിലും അനുഭവപ്പെടുന്ന അതിരൂക്ഷമായ ഗതാഗതക്കുരുക്ക് യോഗം ചർച്ച ചെയ്തു. ചാവക്കാട്ഏനാമ്മാവ് റോഡ്, കുന്നംകുളം റോഡ് ബൈപ്പാസ് റോഡ് എന്നിവ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡുകളാണെന്നും ഗതാഗതപ്രശ്നം പരിഹരിക്കുന്നതിനായി ടൗണിലെയും പരിസര പ്രദേശങ്ങളിലെയും സമാന്തര റോഡുകൾ വീതികൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ ഇടപെടൽ ഉണ്ടാകേണ്ടതാണെന്നും ചാവക്കാട് നഗരസഭാ ചെയർപേഴ്സൺ എ. എഛ്.അക്ബർ ഓർമ്മിപ്പിച്ചു. മുല്ലശ്ശേരി സെന്ററിലെ കൽവർട്ട് നിർമാണം എത്രയുംവേഗം പൂർത്തിയാക്കണമെന്നും മുല്ലശ്ശേരി പള്ളി മുതൽ കൂമ്പുളി പാലം വരെയുള്ള റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നും മുല്ലശ്ശേരി ബ്ലോക് പഞ്ചായത്ത് പ്രസി: ക്ലമെന്റ് ഫ്രാൻസിസ് ആവശ്യപ്പെട്ടു.

വർഷങ്ങളായി, കടപ്പുറത്ത് പുറം പോക്കുഭൂമിയിൽ താമസിക്കുന്നവർക്ക് ഉടൻ പട്ടയം അനുവദിക്കണമെന്നും തൂഫാൻ ദ നാർകോട്ടിക് ഹണ്ട് പരിപാടി തീരപ്രദേശം കേന്ദ്രീകരിച്ച് ശക്തമാക്കണമെന്നുമായിരുന്നു കോൺഗ്രസ്സ് പ്രതിനിധി കെ.എഛ്. ഷാഹുൽഹമീദിന്റെ നിർദ്ദേശം.

രാത്രികാലങ്ങളിൽ ഹൈവെയുടെ ഇരുവശങ്ങളിലും പാർക്ക് ചെയ്തിട്ടുള്ള വാഹനങ്ങൾ കണ്ടെത്തിനടപടി സ്വീകരിക്കണമെന്ന് ഒരുമനയൂർ ഗ്രമപഞ്ചായത്ത് പ്രസി: താഹിർ പി.എം. ആവശ്യമുന്നയിച്ചു. ചാവക്കാട് റോഡുകളിൽ സീബ്രാ ലൈനുകൾ ഇല്ലാത്തതു കാരണം കാൽനട യാത്രികർക്ക് അപകടങ്ങൾ ഉണ്ടാവുന്നത് പതിവാണെന്നും കാൽനടക്കാർക്ക് റോഡിന്റെ ഇരുവശങ്ങളിലും കൂടി നടന്നു പോകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സിവിൽ സ്റ്റേഷനിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നും ബി. ജെ.പി. പ്രതിനിധി കെ. ആർ. ബിജുവും നിർമാണം പൂർത്തിയാക്കിയ എൻ.എഛ്. റോഡുകളിൽ വാഹനങ്ങളുടെ വേഗത കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും വലപ്പാട് വില്ലേജ് ഓഫീസിലെ സ്റ്റാഫിന്റെ ലഭ്യതക്കുറവ്,വലപ്പാട് പ്രദേശങ്ങളിലെ ഫെയർ വാല്യൂ കുറക്കുന്നതിനുള്ള നടപടികൾ എന്നിവ വലപ്പാട് പഞ്ചായത്ത് പ്രസി: പി.ബി. മോഹനനും യോഗത്തിൽ ആവശ്യപ്പെട്ടു.

ഏങ്ങണ്ടിയൂർ വെസ്റ്റ് ടിപ്പു സുൽത്താൻ റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നും ഏങ്ങണ്ടിയൂർ 13-ാം വാർഡിലെ അംഗൻവാടി കെട്ടിടപ്പണി എത്രയും വേഗം പൂർത്തിയാക്കണമെന്നും സി.പി.ഐ. പ്രതിനിധി പി.കെ. രാജേശ്വരൻ ആവശ്യമുന്നയിച്ചപ്പോൾ അനധികൃത വഴിയോര കച്ചവടങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും വില്ലേജ് ഓഫീസുകളിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കണമെന്നുമായിരുന്നു കേരള കോൺഗ്രസ് പ്രതിനിധി തോമസ് ചിറമ്മലിന്റെ ആവശ്യം. ഹോട്ടൽ ഭക്ഷണങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് മുനിസിപ്പാലിറ്റി - പഞ്ചായത്ത് ആരോഗ്യ വിഭാഗം ഇടപെടണമെന്നും ചാവക്കാട് -ഒരുമനയൂർ റോഡിന്റെ ശോചനീയാവസ്ഥക്ക് പരിഹാരം കാണണമെന്നും ആർ.ജെ.ഡി. പ്രതിനിധി എം.ജി. ജയരാജൻ ആവശ്യപ്പെട്ടു. പുന്നയൂർക്കുളം, കടിക്കാട് വില്ലേജുകളിൽ ആർ.ഒ.ആർ. സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടാൽ ലഭ്യമാകുന്നതിന് ഏറെ കാലതാമസം നേരിടുന്നതായും അത് വേഗത്തിൽ ഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കൊച്ചി മുതൽ തിരൂർ വരെ തീരദേശ റെയിൽ പദ്ധതി നടപ്പിലാക്കുന്ന കാര്യം സംസ്ഥാന സർക്കാരിന്റെശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഡിജിറ്റൽ സർവ്വേയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്നും മുസ്ലിംലീഗ് പ്രതിനിധി മുഹമ്മദുണ്ണിയും ആവശ്യമുന്നയിച്ചു. താലൂക്ക് ഓഫീസിൽ യോഗം നടന്നു കൊണ്ടിരിക്കെയാണ് ചാവക്കാട് പാലത്തിൽ 72 വയസ്സുള്ള വയോധികയുടെ ടോറസ് ലോറികയറിയുള്ള ദാരുണ മരണം എന്നത് ചാവക്കാട്ടെ ഗതാഗതത്തിരക്കിന്റെയും അശാസ്ത്രീയ ട്രാഫിക് സംവിധാനങ്ങളുടെയും നിദർശനമായി.

# ആന ക്ഷാമത്തിൽ ആശങ്ക

തൃശൂർ: ആന സമ്പത്തുള്ള ഗുരുവായൂർ ദേവസ്വത്തിൽ ശേഷിക്കുന്നത് 33- ആനകൾ. 66 ആനകൾ ഉണ്ടായിരുന്നിടത്താണിത്. പുതുതായി ആനകളെ ലഭ്യമാകാത്തതാണ് കാരണമത്രെ.വിശ്വാസികൾക്ക് ആനകളെ നടയിരുത്തൽ വഴിപാട് നിർവഹിക്കാൻ പറ്റുന്നില്ല. ആനയുടെ കണക്കനുസരിച്ച് നിശ്ചിത പണം അടച്ചാണ് വിശ്വാസികൾപ്രതീകാത്മക നടയിരുത്തൽ നടത്തിവരുന്നത്.ആ ഇനത്തിൽ വലിയ തുക ദേവസ്വത്തിന് ലഭിക്കുന്നുണ്ട്. യഥാർത്ഥ ആനകളെ നടയിരുത്താൻ കഴിഞ്ഞാൽ അതിന് തയ്യാറുള്ള അപേക്ഷകർ നിരവധിയാണ്. ദേവസ്വത്തിൽ ആനകൾ കുറഞ്ഞതിനാൽ പുതിയ തൊഴിലവസരങ്ങളും നഷ്ടപ്പെടുകയാണ്. നിലവിലെ ആനകളിൽക്ഷേത്ര ചടങ്ങുകൾക്കായി ദിനം പ്രതി കുറഞ്ഞത് മൂന്ന് ആനകളെങ്കിലും വേണം.ചടങ്ങുകൾക്കുള്ള ആനകളെ അതത് സമയം നിശ്ചയിച്ച ശേഷമാണ് ഉത്സവാദികൾക്ക് ആനകളെ നൽകാനാവു. ആ സ്ഥിതി ദേവസ്വത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നു.സംസ്ഥാനത്ത് ആനകളുടെ ക്ഷാമം തുടങ്ങിയിട്ട് നാളേറെയായി. നാട്ടാനകളുടെ ദ്യത കുറവ് വലിയ പ്രതിസന്ധി ഉണ്ടാക്കുന്നു. വനങ്ങളിൽ ധാരാളം ആനകളുണ്ട്.ആ ആനകളാണ് നാട്ടിലിറങ്ങി ആ ക്രമണം ഉണ്ടാക്കുന്നത്. നിയമ ഭേദഗതി ചെയ്ത് ആനകളെആവശ്യക്കാർക്ക് നൽകാനായാൽ ഉത്സവങ്ങൾക്ക് നേരിടുന്ന ആന ക്ഷാമം പരിഹരിക്കാനാകും.പുറം സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് ആനകളെ വാങ്ങി കൊണ്ടുവരാൻ നിയമം ഭേദഗതി വരുത്തിയാലത് ഏറെ ഗുണം ചെയ്യും. 2024 ൽ കേന്ദ്ര സർക്കാർ ചില നിയമ ഭേദഗതികൾ ഉണ്ടാക്കിയെങ്കിലുംആന കൈമാറ്റംപ്രതിസന്ധിയിൽ തുടരുകയാണ്.ആ നക്ഷാമം ചെറുതും വലുതുമായ നിരവധിഉത്സവങ്ങൾക്ക് വലിയ പ്രതിസന്ധി ഉണ്ടാക്കുന്നു. ഇത് പരിഹരിക്കാൻ അടിയന്തിര നടപടികൾ വേണമെന്ന് , ഉത്സവ നടത്തിപ്പുകാർ നിരന്തരം കേരള - കേന്ദ്ര സർക്കാരുകളോട് ആവശ്യപ്പെട്ടിട്ടും ആരും നടപടികൾ സ്വീകരിക്കുന്നില്ലെന്നാണ് പരാതി. കൂടുതൽ ഉത്സവകാലംവരുന്നതിനാൽ ആന പ്രശ്നം സങ്കീർണ്ണമാകുന്നു. വൻ തുക നൽകി ആനകളെ എത്തിക്കുന്നത് ഇനി നടപ്പാക്കാൻ പറ്റാത്ത സ്ഥിതിയിലാണ് മിക്ക ഉത്സവ കമ്മറ്റികളും. ഈ ഗുരുതര പ്രശ്നം ചർച്ച ചെയ്യാൻ പൂരം പ്രേമി സംഘം കഴിഞ്ഞദിവസംസാഹിത്യ അക്കാദമി ചങ്ങമ്പുഴ ഹാളിൽ വിപുലയോഗം വിളിച്ചതായി പ്രസിഡണ്ട് ബൈജു താഴേക്കാട്ട് സെക്രറി അനിൽകുമാർ മോച്ചാട്ടിൽ, കൺവീനർ വിനോദ് കണ്ടംകാവിൽ എന്നിവർ അറിയിച്ചു. ആനകളെ മറ്റ് സംസ്ഥാനങ്ങളിൽ കൊണ്ടുവരാൻ അടിയന്തിര നടപടികൾ സർക്കാർ തലത്തിൽ ഉണ്ടാക്കണമെന്നാണ് സംഘടനയുടെ ആവശ്യം.

# പെരുന്നാൾ കൊടിയേറ്റ്



വടക്കാഞ്ചേരി: ഓട്ടുപാറ സെൻറ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയുടെ 99-ാം സ്ഥാപന പെരുന്നാളും കുടുംബ സംഗമവും ഒക്ടോബർ 10,11 (ശനി, ഞായർ) ദിവസങ്ങളിൽ നടക്കും. പെരുന്നാൾ ശുശ്രൂഷകൾക്ക് മീമ്പാറ മാർ പക്കോമിയോസ് മൗണ്ട് അരമന മാനേജർ വന്ദ്യ നോബിൻ ഫിലിപ്പ് അച്ചൻ മുഖ്യ കാർമ്മികത്വം വഹിക്കും. പെരുന്നാൾ കൊടിയേറ്റ് ഇടവക വികാരി ഫാ. തോമസ് ചാണ്ടി നിർവഹിച്ചു. ഇടവക കൈസ്ഥാനി എബ്രഹാം മണ്ടുമ്പാൽ, സെക്രട്ടറി സൂസമ്മ ഇ.ടി, ഇടവക മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ഇടവക വിശ്വാസികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# പച്ചക്കറി തൈ വിതരണവും, കൃഷി പരിപാലനം ക്ലാസും നടത്തി



വടൂക്കര: സന്മാർഗദീപം ഗ്രാമീണ വായനശാല കാർഷിക ക്ലബിന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി തൈ വിതരണവും, കൃഷി പരിപാലനം ക്ലാസും നടത്തി. വായനശാല പ്രസിഡന്റ് തിലകൻ കൈപ്പുഴ ഉദ്ഘാടനം ചെയ്തു.

ക്ലാസ് റിട്ട. ജോ. ഡയറക്ടർ ടി.പി ബൈജു നയിച്ചു. കർഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകി.ശ കാർഷിക ക്ലബ് കൺവീനർ ജയൻ തോപ്പിൽ സ്വാഗതം പറഞ്ഞു. ചെയർമാൻ സി.ആർ സുബ്രമണ്യൻ അധ്യക്ഷത വഹിച്ചു. വായനശാല സെക്രട്ടറി ടി.കെ സത്യൻ, ജോയിൻറ് സെക്രട്ടറി ഷനൂ ജോർജ്, മറ്റ് ഭരണസമിതി അംഗങ്ങളായ ഷൈഹാൻ പി എം, ഷൈല ജെയിംസ്, ഉഷനന്ദിനി എന്നിവർ പങ്കെടുത്തു സംസാരിച്ചു.

# ഇടിമിന്നലേറ്റ കൊമ്പൻ ചരിഞ്ഞു



കുന്നംകുളം: ഇടിമിന്നലേറ്റ് പല്ലാട്ട് ബ്രഹ്മദത്തൻ എന്ന കൊമ്പൻ ചെരിഞ്ഞു. കുന്നംകുളം മേഖലയിലെ പ്രധാന ഉത്സവ ആഘോഷങ്ങളിലെല്ലാം നിറസാന്നിധ്യമായിരുന്ന പല്ലാട്ട് ബ്രഹ്മദത്തൻ. ഇന്നലെ വൈകിട്ട് ആറുമണിയോടെ ആയിരുന്നു അപകടം. കോട്ടയത്ത് ആയിരുന്ന ആനയ്ക്ക് ഇടിമിന്നൽ ഏൽക്കുകയായിരുന്നു. അൽപ്പ സമയത്തിനകം ആന ചെരിയുകയും ചെയ്തു. 40 വയസ്സിൽ താഴെയാണ് പ്രായം എന്ന്പറയുന്നു. നേരത്തെ പുതുപ്പള്ളി ആന തറവാട്ടിലെ അംഗമായിരുന്നു. പിന്നീടാണ് പല്ലാട്ടുകാർ വാങ്ങിയത്.

# സംഘാടക സമിതി രൂപീകരണ യോഗം

ഇരിങ്ങാലക്കുട :ഇരിങ്ങാലക്കുട വിദ്യാഭ്യാസ ഉപജില്ല കേരള സ്കൂൾ കലോത്സവ സംഘാടക സമിതി രൂപീകരണ യോഗം ഈ മാസം 7 -ാതി 2 മണിക്ക് അവിട്ടത്തൂർ ലാൽ ബഹാദൂർ ശാസ്ത്രി മെമ്മോറിയൽ ഹൈസ്കൂൾ ഹാളിൽ നടക്കുന്നതാണ്.

# എൻസിസി കേഡറ്റുകളെ ആദരിച്ചു



മറ്റം: ഗാന്ധിജയന്തി ദിനത്തിന്റെ മുന്നോടിയായി കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിനു മുമ്പിൽ സ്ഥിതിചെയ്യുന്ന ഗാന്ധി പ്രതിമ വൃത്തിയാക്കിയ എൻസിസി കേഡറ്റുകളെ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് അധികൃതർ അനുമോദിച്ചു. മറ്റം സെന്റ് ഫ്രാൻസിസ് ഹയർ സെക്കൻഡറി സ്കൂളിലെ എൻ സി സി കേഡറ്റുകളാണ് പഞ്ചായത്തിനു മുൻപിലുള്ള ഗാന്ധി പ്രതിമ കഴുകി വൃത്തിയാക്കി പുഷ്പങ്ങൾ കൊണ്ട് അലങ്കരിച്ചത്.

കേഡറ്റുകളുടെ സേവന പ്രവർത്തികൾ കണ്ട പഞ്ചായത്ത് പ്രസിഡൻറ് എം.പി സജീപ് മധുരവും ഉപഹാരം നൽകി കേഡറ്റുകളെ ആദരിച്ചു. വൈസ് പ്രസിഡൻറ് സുധിപ. പഞ്ചായ ത്തംഗങ്ങളായ സഫീറ അസിസ്, നിവ്യ റനീഷ് ,സൗമ്യ ധനൻ സി. ഡി. എസ് ചെയർപേഴ്സൻ വിജ്ന മജ്നു സെക്രട്ടറി രാധകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. എൻ സി സി ഓഫീസർ 24 കേരള ബറ്റാലിയനിലെ മേജർ പിജെ സ്റ്റൈജുവിന്റെ നേതൃത്വത്തിലുള്ള എൻസിസി കേഡറ്റുകളാണ് ഗാന്ധിപ്രതിമ വൃത്തിയാക്കുന്ന സേവന പരിപാടികൾക്ക്. നേതൃത്വം നൽകിയത്. വരുംദിവസങ്ങളിലും പഞ്ചായത്ത് ഓഫിസിനു സമീപമുള്ള റോഡുകളും ശുചികരിക്കുമെന്ന് എൻ സി സി കേഡറ്റുകളായ കാർത്തിക്, പുണ്യ എന്നിവർ അറിയിച്ചു.

# അനുസ്മരണം സംഘടിപ്പിച്ചു

ചാവക്കാട്: തൃശൂർ ഡി. സി. സി. പ്രസിഡണ്ടും എ. ഐ. സി.സി അംഗവും ചാവക്കാട് മുനിസിപ്പൽ ചെയർമാനുമായിരുന്ന എം.വി. അബൂബക്കർ സാഹിബ് അനുസ്മരണം സംഘടിപ്പിച്ചു.

ചാവക്കാട് നഗരസഭയിൽ ടൗൺ വാർഡ് പ്രതിനിധിയായിരുന്നു അബൂബക്കർ സാഹിബ്. 17-ാം ബൂത്ത് കോൺഗ്രസ് കമ്മറ്റിയുടെ നേതൃത്വത്തിൽ വിപുലമായി സംഘടിപ്പിച്ച അനുസ്മരണം, ഗുരുവായൂർ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി സെക്രട്ടറി പി.എ.നാസർ ഉദ്ഘാടനം ചെയ്തു.

ജയൻ പൊന്നരാശ്ശേരി അദ്ധ്യക്ഷത വഹിച്ചു. കെ എം ബിനേഷ് സ്വാഗതം ആശംസിച്ച അനുസ്മരണച്ചടങ്ങിൽ ഷുക്കൂർ കോനാരത്ത് സ്മൃതി പ്രഭാഷണം നടത്തി. എ.വി. അഷറഫ്, ഉണ്ണികൃഷ്ണൻ, കോഴിക്കുളങ്ങര ബേബി, കണ്ടംപുള്ളി രാധാകൃഷ്ണൻ, വെങ്കിട തിലകൻ ചെഞ്ചേരി, എം. എ. ഉണ്ണികൃഷ്ണൻ, എം.കെ അംബുജാക്ഷി, ഉഷ ഉണ്ണികൃഷ്ണൻ, എം.കെ. നാരായണൻ തുടങ്ങിയവർ പ്രസംഗിച്ചു.മജീദ് കണ്ണാട്ട് കൃതജ്ഞത അർപ്പിച്ചു.

# ദേശ വിളക്ക് നോട്ടീസ് പ്രകാശനം



വടക്കാഞ്ചേരി : നവംബർ 23ന് നടക്കുന്ന വടക്കാഞ്ചേരി ദേശവിളക്കിന്റെ നോട്ടീസ് പ്രകാശനം വ്യാപാരി വ്യവസായി യൂത്ത് വിങ്ങ് സെക്രട്ടറി പ്രശാന്ത് മേനോൻ, ഉത്രാളി പൂരം ചീഫ് കോ-ഓർഡിനേറ്റർ പി .എൻ .ഗോകുലൻ എന്നിവർ ചേർന്ന് നിർവഹിച്ചു. യോഗത്തിൽ ദേശവിളക്ക് കമ്മിറ്റി പ്രസിഡണ്ട് വി. അനിരുദ്ധൻ അധ്യക്ഷത വഹിച്ചു.ജനറിക് മെഡിസിൻസ് ഉടമ ഷൈജു വത്സലൻ സമർപ്പണ കൂപ്പൺ പ്രകാശനം ചെയ്തു.ഉത്രാളിപ്പൂരം വടക്കാഞ്ചേരി ദേശം പ്രസിഡണ്ട് കെ.സതീഷ് കുമാർ, കേരള ഹൈക്കോടതി സീനിയർ ഗവൺമെൻറ് പ്ലീഡർ അഡ്വക്കേറ്റ് ടി.എസ്.മായാദാസ്,സി. എ .ശങ്കരൻകുട്ടി,പി. എൻ. രാജൻ,കരുമരക്കാട് ശിവക്ഷേത്രം ഉപദേശ സമിതി പ്രസിഡണ്ട് പി.കെ.രാജേഷ്,സെക്രട്ടറി പി. എസ് സുധീഷ് കുമാർ,ദേശവിളക്ക് കമ്മിറ്റി ഭാരവാഹികളായ പി.ആർ.രാജേഷ്, നന്ദകുമാർ ഇടക്കുന്നി, എം രഘു, എം.കെ. ദീപൻ, പി.വി.ശ്രീനിൽ, കെ രാജേന്ദ്രൻ എന്നിവർ പ്രസംഗിച്ചു. ചടങ്ങിന് രാധാകൃഷ്ണൻ കൊരവൻകുഴി, എ.എസ്.ബാലചന്ദ്രൻ, എം.കെ. ദിനേശൻ, സി.കെ. സുശ്രീബ്കുമാർ, സുമിത്ര ചൂൽപ്പുറത്ത് തുടങ്ങിയവർ നേതൃത്വം നൽകി.

# മുകുന്ദപുരം താലൂക്ക് എൻ.എസ്.എസ്. കരയോഗ യൂണിയന് 2 കോടി 96 ലക്ഷം രൂപയുടെ ബജറ്റ്



ഇരിങ്ങാലക്കുട: 2,96,40,368 രൂപ വരവും 2,96,37,007 രൂപ ചെലവും 3,361രൂപ മിച്ചവും പ്രതീക്ഷിക്കുന്ന മുകുന്ദപുരം താലൂക്ക് യൂണിയന്റെ 2026 - 27 ലേയ്ക്കുള്ള ബജറ്റ് യൂണിയൻ സെക്രട്ടറി എസ്. കൃഷ്ണകുമാർ അവതരിപ്പിച്ചു. ചികിത്സ - വിവാഹ ധനസഹായങ്ങൾ, വിവിധ പെൻഷൻ പദ്ധതികൾ എന്നിവ കൂടാതെ ഭവനനിർമാണം, അറ്റകുറ്റപ്പണിപ്പണികൾ തുടങ്ങിയവയ്ക്കായി പന്ത്രണ്ട് ലക്ഷം രൂപയും വിദ്യാഭ്യാസ ധനസഹായം, കലാ - സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയ്ക്ക് മൂന്നു ലക്ഷത്തിഅറുപതിനായിരം രൂപയും നീക്കിവച്ചിട്ടുണ്ട്.

നായർ സർവീസ് സൊസൈറ്റിയുടെ സാമൂഹ്യക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ധനസഹായങ്ങൾ നല്കുന്നതിനായി ലഭിക്കുന്ന എട്ട് ലക്ഷത്തി തൊണ്ണൂറായിരം രൂപയും ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

ഒരു കോടി അറുപത്തൊൻപത് ലക്ഷത്തിഅറുപത്തായ്യായിരത്തി മുപ്പത് രൂപ മുപ്പത്തഞ്ച് പൈസ വരവും ഒരു കോടി അറുപത്തൊൻപത് ലക്ഷത്തി അറുപത്തോരായിരത്തി നാനൂറ്റിഇരുപത്തിരണ്ട് രൂപ മുപ്പത്തഞ്ച് പൈസ ചെലവും മൂവായിരത്തിഅറുപത്തെട്ട് രൂപ നീക്കിയിരിപ്പുമുള്ള 2025 - 26ലെ വരവ് - ചെലവ് കണക്കും പ്രവർത്തന റിപ്പോർട്ടും യൂണിയൻ സെക്രട്ടറി പൊതുയോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി. വാർഷിക റിപ്പോർട്ടും വരവ് - ചെലവ് കണക്കും ബജറ്റും സഭ ഐകകണ്ഠ്യേന പാസാക്കി.

വാർഷിക പൊതുയോഗത്തിൽ താലൂക്ക് യൂണിയൻ പ്രസിഡന്റ് അഡ്വ. ഡി. ശങ്കരൻകുട്ടി അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് ആർ. ബാലകൃഷ്ണൻ സ്വാഗതവും യൂണിയൻ കമ്മിറ്റി അംഗം പി.ആർ. അജിത്കുമാർ കൃതജ്ഞതയും പറഞ്ഞു.

താലൂക്ക് യൂണിയൻ ഭരണസമിതി അംഗങ്ങളായ രമ വിജയൻ, എൻ. ഗോവിന്ദൻകുട്ടി, സുനിൽ കെ. മേനോൻ, ചന്ദ്രമതി സുരേഷ്, എ.ജി. രാജേഷ്, നന്ദൻ പറമ്പത്ത്, സോമൻ മുത്രത്തിക്കര, ബിന്ദു ജി. മേനോൻ, കെ.ബി. ശ്രീധരൻ, രവി കണ്ണൂർ, വിജയൻ ചിറ്റേത്ത് എന്നിവരെ കൂടാതെ താലൂക്കിലെ നൂറ്റിനാല്പത്തിയഞ്ച് കരയോഗങ്ങളിൽനിന്നുള്ള പ്രതിനിധികളാണ് വാർഷിക പൊതുയോഗത്തിൽ പങ്കെടുത്തത്.


## കോടതി പരസ്യം

**ബഹു. ഇരിഞ്ഞാലക്കുട മോട്ടോർ ആക്സിഡൻറ്സ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ**

**O.P. No. 361 OF 2025**

ദിനേഷ്കുമാർ etc

-ഹർജിക്കാർ

Sreejith.I.R, aged 45 years, S/o Rajendran, Inchipillikkattil House, Aripalam Desom, Aripalam.P.O. Poomangalam Village. Mukundapuram Taluk, Thrissur District, Kerala- 680 688

-1-ാംഎതിർകക്ഷി

ഹർജ്ജിക്കാർ നഷ്ടപരിഹാര സംഖ്യകൾക്കായി ബോധിപ്പിച്ച മേൽ നമ്പ് കേസ്സ് **16-10-2026** തിയ്യതിയിലേക്ക് വിചാരണക്കായി വെച്ചിരിക്കുന്നു. അന്നേ ദിവസം നിങ്ങൾ നേരിട്ടോ അഡ്വക്കെറ്റാക്കുന്നതായാൽ ടി അഡ്വക്കെറ്റ് മുഖാന്തിരമോ രാവിലെ 11 മണിക്ക് കോടതി മുമ്പാകെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം മേൽനമ്പ് കേസ്സ് നിങ്ങളെ കൂടാതെ നിങ്ങളെ ex-parteയാക്കി വിധിയാകുന്നതാണ് എന്ന സംഗതി ഇതിനാൽ അറിയിച്ചു കൊളുന്നു.

എന്ന്, 01-10-2026

ഹർജിഭാഗം അഡ്വക്കെറ്റ്

**P. R. Remasan**(ഒപ്പ്)


# നിത്യോപയോഗ സാധനങ്ങളുടെ അതിരൂഷമായ വിലക്കേറ്റം തടയണം: അഡ്വ. ഷാജൻ മഞ്ഞളി

ആമ്പല്ലൂർ: പഞ്ചസാര ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ അതിരൂക്ഷമായ വിലക്കയറ്റം തടയുവാൻ കേന്ദ്ര കേരള സർക്കാരുകൾ ഉടൻ നടപടിയെടുക്കണമെന്ന് രാഷ്ട്രീയ ജനതാദൾ ആർ ജെ ഡി ജില്ലാ ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി ആവശ്യപ്പെട്ടു 40 രൂപയുണ്ടായിരുന്ന പഞ്ചസാരയുടെ വില 60 രൂപയും 70 രൂപയും ആയത് എങ്ങനെയെന്ന് പരിശോധിക്കണം ഭക്ഷ്യോൽപ്പന്നങ്ങൾ എഥനോൾ ഉണ്ടാക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നത് കൊണ്ടാണോ ഭക്ഷ്യോൽപ്പന്നങ്ങൾക്ക് വില വർദ്ധിക്കുന്നത് എന്ന് പരിശോധിക്കണം എഥനോൾ ഇല്ലാത്ത ശുദ്ധമായ പെട്രോൾ വിൽപ്പന നടത്തുവാനും നടപടി ഉണ്ടാകണം കരിഞ്ചന്തയും പൂഴ്ത്തിവെപ്പും നടത്തി കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കുന്ന കച്ചവടക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം മാവേലി സ്റ്റോറുകളിലും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വില്പന കേന്ദ്രങ്ങളിലും കുറഞ്ഞ വിലയ്ക്ക് നിയന്ത്രണാധിതമായി ഭക്ഷ്യോൽപ്പന്നങ്ങൾ ലഭ്യമാക്കണം.

# ലോക വയോജന ദിനാചരണവും ഓണാഘോഷവും സംഘടിപ്പിച്ചു



ഗുരുവായൂർ: കെ എസ് എസ് പി യു ഗുരുവായൂർ ടൗൺ യൂണിറ്റ് ഒക്ടോബർ 1ന് ലോക വയോജന ദിനാചരണവും ഓണാഘോഷവും സംഘടിപ്പിച്ചു. പി കെ വിജയലക്ഷ്മി ടീച്ചറുടെ വിജയ് ട്യൂഷൻ സെന്ററിൽ വെച്ച് രാവിലെ 10 മണിക്കാരംഭിച്ച പരിപാടികൾ ഉച്ചക്ക് ഓണസദ്യയോടെ സമാപിച്ചു. കെ എസ് എസ് പി യു ബ്ലോക്ക് സെക്രട്ടറി കെ വി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്ത യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് എം രതി ടീച്ചർ അധ്യക്ഷത വഹിച്ചു.

വയോജനങ്ങളുൾ പ്പെടുന്ന പെൻഷൻകാർ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും എന്ന വിഷയത്തിൽ കെ എസ് ഇ ബി റിട്ടയേർഡ് സൂപ്രണ്ട് പി അജിത് മുഖ്യ പ്രഭാഷണം നടത്തി. 75 വയസ്സ് കഴിഞ്ഞ പെൻഷൻകാരായ പി പി ഗൗതമി, പി ജെ കൊച്ചുമേരി ടീച്ചർ എന്നിവരെ ബ്ലോക്ക് രക്ഷാധികാരി പി ഐ സൈമൺ മാസ്റ്റർ, എം കെ ദേവകി എന്നിവർ ചേർന്ന് ആദരിച്ചു.

ബ്ലോക്ക്പ്രസിഡന്റ് പി വി ബാലചന്ദ്രൻ മാസ്റ്റർ, ഡോക്ടർ സി ബി വത്സലൻ, പി ആർ ശശിധരൻ, എൻ നാരായണ പിള്ള, പി ശിവദാസൻ, എൻ എൻ ശ്യാമള ടീച്ചർ, പി കെ വിജയലക്ഷ്മി ടീച്ചർ, എൻ ജോർജ് പോൾ, എ കെ സുലോചന ടീച്ചർ, പി ആർ സുബ്രഹ്മണ്യൻ എന്നിവർ സംസാരിച്ചു. തുടർന്ന് പെൻഷൻകാർ ഓണപ്പാട്ടുകളും സിനിഗാനങ്ങളും ആലപിച്ചു.

# അമല ഫെല്ലോഷിപ്പ് 44 കാരുണ്യ വർഷങ്ങൾ പ്രകാശനം ചെയ്തു



അമലനഗർ: അമല ഹോസ്പിറ്റൽ പബ്ലിക് റിലേഷൻസ് ഓഫീസർ ജോസഫ് വർഗീസ് രചിച്ച അമലയുടെയും ഫെല്ലോഷിപ്പിന്റെയും ചരിത്രം ഉൾക്കൊള്ളുന്ന പുസ്തകം അമല ഫെല്ലോഷിപ്പ് 44 കാരുണ്യ വർഷങ്ങൾ ഫാ: ഡോ: ജോസ് നന്തിക്കര അമല ഫെല്ലോഷിപ്പ് സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് ജോർജ് കുര്യന് ആദ്യ പ്രതി നൽകിക്കൊണ്ട് പ്രകാശനം ചെയ്തു അമല ഡയറക്ടർ ഫാ: ജൂലിയസ് അറക്കൽ,ചീഫ് ലൈബ്രേറിയൻ ഡോ. എ. ടി. ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു


## കോടതി പരസ്യം

**ബഹു. തൃശ്ശൂർ രണ്ടാം അഡീഷണൽ ജില്ല കോടതി മുമ്പാകെ**

**AS 59/2024**

ഷൈലജ ജയകൃഷ്ണൻ -അപ്പീൽ അന്യായക്കാരി

(1) സുധീർ, 51 വയസ്സ്, S/o. തിലകൻ, നളുമക്കൽ ഹൗസ്, ഫ്ളോർ നമ്പർ 4/7, ജയപ്രകാശ് സ്ട്രീറ്റ്, വിജയ ലക്ഷ്മിപുരം, അഭതൂർ, ചെന്നൈ-600 053

(2) സുശീൽകുമാർ, 50 വയസ്സ്, S/o. .തിലകൻ, നളുമക്കൽ ഹൗസ്, ഫ്ളോർ നമ്പർ 4/7, ജയപ്രകാശ് സ്ട്രീറ്റ്, വിജയ ലക്ഷ്മിപുരം, അഭതൂർ, ചെന്നൈ-600 053

(3) ജെഷി, 40 വയസ്സ് D/o. ജയപാലൻ, ചേർത്തേടത്ത് ഹൗസ്, വടക്കാഞ്ചേരി പി.ഒ., തൃശൂർ - 680 582

(4) ജോഷി, 40 വയസ്സ് S/o. ജയപാലൻ, ചേർത്തേടത്ത് ഹൗസ്, വടക്കാഞ്ചേരി പി.ഒ., തൃശൂർ - 680 582

-2, 3, 7, 8 അപ്പീൽ എത്യകക്ഷികൾ

മേൽ നമ്പർ കേസിൽ 2, 3, 7, 8 അപ്പീൽ എത്യകക്ഷികൾക്കുള്ള നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചു നടത്തുവാൻ കൽപ്പിച്ച് മേൽ നമ്പർ കേസ് **24-10-2026** തിയ്യതിയിലേയ്ക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് കോടതി മുമ്പാകെ ഹാജ രായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം നിങ്ങളെ കൂടാതെ കേസിൽ തീർപ്പുകൽപ്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 2026 -ാം മാണ്ട് സെപ്തംബർ മാസം 21

അപ്പീൽ അന്യായഭാഗം അഡ്വക്കെറ്റ്

**ടി പ്രകാശ് കുമാർ** (ഒപ്പ്)


# കാറിടിച്ച് യുവാവ് മരിച്ചു



തൃശ്ശൂർ: തളിക്കുളത്ത് റോഡ് മുറിച്ചുകടക്കുന്നതിനിടെ കാറിടിച്ച് യുവാവ് മരിച്ചു. ദേശീയപാത 66-ൽ കൊപ്രക്കളത്ത് റോഡ് മുറിച്ചുകടക്കുന്നതിനിടെയാണ് അപകടം നടന്നത്. തളിക്കുളം ത്രിവേണി സ്വദേശി തറയിൽ വീട്ടിൽ സന്തോഷ് (51) ആണ് മരിച്ചത്. ഞായറാഴ്ച്ച രാത്രി 9.15 ഓടെയായിരുന്നു അപകടം നടന്നത്.

അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ സന്തോഷിനെ മിറാക്കിൾ ആംബുലൻസ് പ്രവർത്തകർ ഉടൻ വലപ്പാട് ദയ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. വലപ്പാട് പൊലീസ് മേൽനടപടികൾ സ്വീകരിച്ചു.